


നവകേരളത്തിന് ജനകീയാസൂത്രണം

## മുക്കം നഗരസഭ

# വാർഷിക ബജറ്റ്

## 2026-27



മുക്കം നഗരസഭ

# ബജറ്റ്
## 2026-27



**അഡ്വ.ചാന്ദ്നി**
ചെയർപേഴ്സൺ



**സി.എ.പ്രദീപ് കുമാർ**
ഡെപ്യൂട്ടി ചെയർപേഴ്സൺ



**കൃഷ്ണഗോപാൽ.എ**
സെക്രട്ടറി



## മുഖമൊഴി

പ്രിയരേ,

വികസനക്കുതിപ്പിലാണ് കേരളം. അതിനൊപ്പം നമ്മുടെ മുക്കവും മുന്നേറുകയാണ്. കോഴിക്കോടിന്റെ കിഴക്കൻ മലയോര മേഖലയുടെ കവാടമായ മുക്കം 2015 ലാണ് നഗരസഭയായി മാറിയത്. കഴിഞ്ഞ ഒരു ദശകം മുക്കത്തിന്റെ വികസന ചരിത്രത്തിൽ സുപ്രധാന അധ്യായം എഴുതി ചേർക്കപ്പെട്ടു എന്നു തന്നെ പറയാം. നമ്മുടെ പ്രിയ എം.എൽ.എ ശ്രീ. ലിന്റോ ജോസഫിന്റെ ശ്രമ ഫലമായി അനുവദിക്കപ്പെട്ട മുക്കം സൗന്ദര്യവൽക്കരണത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടം പുരോഗമിച്ചു വരുന്നു. തൃക്കുടമണ്ണ ടൂറിസം പ്രൊജക്ട് മുക്കത്തിന് പുതിയ മുഖം നൽകുന്നു. ആരോഗ്യ രംഗത്തെ കുതിപ്പിന് നാന്ദി കുറിച്ച് കൊണ്ട് സാമൂഹ്യാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണത്തിന് തുടക്കമിട്ടു കഴിഞ്ഞു. കൊയിലാണ്ടി - എടവണ്ണ സംസ്ഥാന പാതയുടെ നവീകരണവും അഗസ്ത്യൻമുഴി - കുന്ദമംഗലം റോഡുകളുൾപ്പെടുന്ന പുതിയ സംസ്ഥാന പാതയുടെ പ്രഖ്യാപനവും ഗതാഗത രംഗത്ത് എടുത്തു പറയേണ്ടത് തന്നെ. മലയോര ഹൈവേ യാഥാർത്ഥ്യമായതോടെ ടൂറിസം രംഗത്തും പുതിയ ഉണർവുണ്ടായി. വയനാട് തുരങ്കപാതയുടെ പണി പൂർത്തിയാവുന്നതോടെ മുക്കത്തും പ്രാന്ത പ്രദേശങ്ങളിലും വികസനപ്പെരുമഴ സൃഷ്ടിക്കപ്പെടും.

2031- ൽ എഴുപത്തഞ്ചാണ്ട് പൂർത്തിയാക്കുന്ന കേരളത്തിന്റെ വികസന സ്വപ്നങ്ങൾക്കനുസരിച്ച് നമ്മുടെ നഗരസഭയെ മാറ്റിയെടുക്കണം. അതിനുള്ള പ്രവർത്തനങ്ങൾക്കാണ് നാം ഇപ്പോൾ തുടക്കമിടുന്നത്.

കാർഷിക-മൃഗസംരക്ഷണ രംഗത്തെ വളർച്ചയ്ക്ക് തുടർച്ചയുണ്ടാവണം. ഗൃഹനിർമ്മാണ രംഗത്തും മുന്നേറേണ്ടതുണ്ട്. നഗറുകൾ കേന്ദ്രീകരിച്ച് സമഗ്ര വികസന പദ്ധതികൾ രൂപം നൽകുമ്പോൾ ഭവന സമുച്ചയങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതുണ്ട്.

അമൃത് പദ്ധതിയിലൂടെ എല്ലാവർക്കും കുടിവെള്ളം ലഭ്യമാകുമെന്നാണ് പ്രതീക്ഷ. പാർശ്വവൽക്കരിക്കപ്പെട്ട ജനതയെ കൈപിടിച്ചുയർത്താനുള്ള സമഗ്ര പദ്ധതികൾക്കും നാം തുടക്കമിട്ടു കഴിഞ്ഞു. വനിതകൾ, മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, കുട്ടികൾ, തുടങ്ങി പ്രത്യേക പരിഗണന നൽകേണ്ട ഒട്ടേറെ

വിഭാഗങ്ങളുണ്ട്. പൊതുവിദ്യാഭ്യാസരംഗം മെച്ചപ്പെട്ടെങ്കിൽ മാത്രമേ ജനാധിപത്യ മതേതര സമൂഹം നിലനിൽക്കുകയുള്ളൂ. അതിനാൽ പൊതു വിദ്യാലയങ്ങൾ ശാക്തീകരിക്കപ്പെടുന്നതിനായി ഭൗതിക സാഹചര്യങ്ങളിലും അക്കാദമിക രംഗത്തും മികവുണ്ടാകണം. മുക്കത്തിന്റെ സാംസ്കാരിക തനിമക്കുതകുന്ന തരത്തിലുള്ള ഫിലിം ഫെസ്റ്റിവൽ, കളിമൺ ശില്പശാല തുടങ്ങിയവയ്ക്കും നാം പ്രാധാന്യം നൽകുന്നുണ്ട്. അക്ഷരാഗ്നിക്ക് കരുത്ത് പകരുന്ന ഗ്രന്ഥാലയങ്ങൾ ആധുനിക സമൂഹത്തിൽ അത്യന്താപേക്ഷിതമാണ്.

പരിസ്ഥിതി സൗഹൃദപരമായ സുസ്ഥിര വികസന നയങ്ങൾക്കാണ് നാം മുൻഗണന നൽകുന്നത്. മാലിന്യങ്ങൾ യഥാസമയം ശാസ്ത്രീയമായി സംസ്കരിക്കാൻ നിരവധി പദ്ധതികൾ നടപ്പാക്കി വരികയാണ്. നഗരസഭയുടെ തനത് ഫണ്ടും പദ്ധതിവിഹിതവും ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങൾക്ക് ഒപ്പം എം.എൽ.എ, എംപി മറ്റു കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹായത്തോടെയുള്ള നൂതന പ്രൊജക്ടുകൾക്ക് നാം രൂപം നൽകി വരികയാണ്. പുതുതായി പ്രഖ്യാപിക്കപ്പെട്ട ബോണ്ടുകളുടെ സാധ്യതകളും പരിശോധിച്ചു കൊണ്ടിരിക്കുന്നു. വികസന സ്വപ്നങ്ങൾ യാഥാർത്ഥ്യമാകാൻ സാമ്പത്തിക തടസ്സം പ്രയാസമാകരുത് എന്നതാണ് നമ്മുടെ നയം.

നിലയിലുള്ള വിഭവങ്ങളെ ഫലപ്രദമായ ഉപയോഗിക്കുന്നതിനൊപ്പം പുതിയ മേഖലകൾ കണ്ടെത്തേണ്ടതുണ്ട്.

പിന്നിട്ട വഴികളിൽ കൃതജ്ഞതയോടെ സ്മരിക്കേണ്ട ഒട്ടേറെ പേരുണ്ട്. തിരുവമ്പാടി എം.എൽ.എ ശ്രീ.ലിന്റോ ജോസഫിന്റെ സേവനങ്ങൾ ഇക്കാര്യത്തിൽ പ്രത്യേകം എടുത്തു പറയേണ്ടതാണ്. ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞു പോയവരുമായ ഒട്ടേറെ പേരുടെ പ്രയത്നഫലമാണ് ഇന്നത്തെ മുക്കം.

വിസ്താര ഭയത്താൽ പേരുകൾ പട്ടികപ്പെടുത്തുന്നില്ല. എങ്കിലും അവരുടെ കാഴ്ചപ്പാടുകൾ നമുക്ക് എന്നും വഴികാട്ടിയായിരിക്കും.

വികസന പാതയിൽ അതിവേഗം കുതിക്കാൻ നമുക്ക് കഴിയട്ടെ. അതിനായി നമുക്ക് ഏവർക്കും ഒരേ മനസ്സായി പ്രവർത്തിക്കാം.

അഭിവാദ്യങ്ങളോടെ,

**അഡ്വ.കെ.പി ചാന്ദിനി**
ചെയർപേഴ്സൺ
മുക്കം നഗരസഭ



## ബജറ്റ് പ്രസംഗം

ബഹുമാന്യയായ അധ്യക്ഷ അഡ്വക്കേറ്റ് ചാന്ദ്നി, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ, കൗൺസിലർമാർ നഗരസഭയിലെ ജീവനക്കാർ, പത്രപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, പ്രിയ ജനങ്ങളെ .............

രാഷ്ട്രപിതാവിന്റെ വാക്കുകളിൽ തുടങ്ങട്ടെ ..........

**"എന്തെങ്കിലും ചെയ്യും മുമ്പ് നിങ്ങൾ കണ്ടിട്ടുള്ള ഏറ്റവും പാവപ്പെട്ടവന്റെ മുഖം ഓർമ്മയിൽ കൊണ്ടുവരിക. ചെയ്യാൻ പോകുന്ന പ്രവൃത്തി കൊണ്ട് അവർക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടോ എന്ന് സ്വന്തം മനസാക്ഷിയോട് ചോദിക്കുക."**

ഗാന്ധിജിയുടെ വാക്കുകൾ ചിന്തയിലും വാക്കിലും പ്രവർത്തിയിലും ഉറപ്പിച്ച് ഞാൻ തുടങ്ങട്ടെ.......

ഒരു ദശകം പിന്നിട്ട മുക്കം നഗരസഭയുടെ മൂന്നാമത്തെ ഭരണസമിതി ചുമതല ഏറ്റെടുത്തിട്ട് ഏതാനും നാളുകളെ ആയിട്ടുള്ളൂ.

ഞങ്ങൾക്കൊരു സ്വപ്നമുണ്ട്. വികസന കുതിപ്പിൽ കേരളത്തോടൊപ്പം കുതിക്കുന്ന മുക്കം. ലോകത്തിനു മാതൃകയായ കേരള മോഡൽ പോലെ വികസനത്തിന്റെ മുക്കം മാതൃകയ്ക്ക് രൂപം നൽകണം. അതിനുള്ള പ്രവർത്തന പദ്ധതികളാണ് ഞങ്ങൾക്ക് ജനങ്ങൾക്ക് മുന്നിൽ വെക്കാനുള്ളത്.

അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന സാങ്കേതികവിദ്യയുടെ പ്രയോജനം താഴെത്തട്ടിൽ വരെയെത്തുന്ന തരത്തിൽ വൈവിധ്യവും ഭാവന പൂർണവുമായ വികസന പ്രവർത്തനങ്ങളിലൂടെ നമ്മുടെ നാടിനെ മുന്നോട്ട് നയിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഭൂമിശാസ്ത്രപരമായി ഒട്ടേറെ പ്രത്യേകതകളുള്ള മുക്കം നഗരസഭയുടെ പരിസ്ഥിതിക്ക് കോട്ടം വരാത്ത സുസ്ഥിരവികസന ലക്ഷ്യങ്ങളാണ് ഈ ബജറ്റിലൂടെ മുന്നോട്ടുവെക്കുന്നത്. അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന നഗരസഭ എന്ന നിലയിൽ ശാസ്ത്രീയമായി ആസൂത്രണം ചെയ്യപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നിർബന്ധമാണ്. അതിനനുയോജ്യമായ ഗതാഗത സൗകര്യങ്ങൾ, മാലിന്യനിർമാർജന സംവിധാനങ്ങൾ എന്നിവക്കാണ് ഏറ്റവും കൂടുതൽ പ്രാമുഖ്യം നൽകുന്നത്.

**"ഉഴുതുണ്ണുന്നവനെ**

**തൊഴുതുണ്ണണം"**

എന്ന തിരുക്കുറൽ വചനം ഓർമ്മിച്ചു കൊണ്ടാണ് കാർഷിക മേഖലയിലെ അടിസ്ഥാനാവശ്യങ്ങൾക്ക് തുക വകയിരുത്തിയത്.

- വരും സാമ്പത്തിക വർഷത്തിൽ
- നെൽകൃഷിക്കായി 3 ലക്ഷം രൂപയും
- കേരകർഷകർക്കായി 8 ലക്ഷം രൂപയും
- വാഴക്കർഷകർക്കായി 2 ലക്ഷം രൂപയും
- പച്ചക്കറി കർഷകർക്കായി 2 ലക്ഷം രൂപയും വകയിരുത്തുന്നു.
- ഭക്ഷ്യ മേഖലയിൽ സ്വയം പര്യാപ്ത നഗരമാണ് നമ്മുടെ ലക്ഷ്യം. കൃഷി സമൃദ്ധി പദ്ധതിയ്ക്കായി 2 ലക്ഷം രൂപയും ഇടവിളകൃഷിക്കായി 3 ലക്ഷം രൂപയും വകയിരുത്തുന്നു.
- കുറഞ്ഞ ഭൂമിയിൽ താമസിക്കുന്നവരിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനായി മൺചട്ടിയിലെ പച്ചക്കറി കൃഷിക്കായി 2 ലക്ഷം രൂപയും ജാതിക്കകൃഷി പ്രോത്സാഹിപ്പിക്കാൻ 1 ലക്ഷം രൂപയും
- കുരുമുളക് കൃഷിക്കായി 1 ലക്ഷം രൂപയും അഗ്രിഫാർമക്കായി 25,000 രൂപയും ട്രാക്ടർ സബ്സിഡിയ്ക്കായി 50,000 രൂപയും പട്ടികജാതിയിൽ ഉൾപ്പെട്ട കേര കർഷകർക്കായി 2 ലക്ഷം രൂപയും തരിശുനില വാഴകൃഷിക്കായി 3 ലക്ഷം രൂപയും സൗരവേലി സ്ഥാപിക്കാൻ 4 ലക്ഷം രൂപയും കൃഷിഭവനിൽ ലാപ് ടോപ്പ്, പ്രിന്റർ, സ്കാനർ പ്രൊജക്ടർ എന്നിവയ്ക്കായി 1 ലക്ഷം രൂപയും ആവർത്തനത്തിൽ 1 ലക്ഷം രൂപയും വകയിരുത്തുന്നു.
- കാർഷിക സംസ്കൃതിയുടെ അനുബന്ധ മേഖലയാണ് മൃഗസംരക്ഷണം. മൃഗാശുപത്രി മരുന്നിനായി 6,50,000 രൂപയും
- കന്നുക്കുട്ടി പരിപാലനത്തിനായി 3,00,000 രൂപയും
- കിടാരി വിതരണത്തിനായി 3,00,000 രൂപയും നീക്കിവെക്കുന്നു.
- മുട്ടനഗരം പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിൽ 3 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിനായി 3 ലക്ഷം രൂപയും വകയിരുത്തുന്നു.
- കന്നുകുട്ടി പരിപാലനത്തിനായി SCP ഇനത്തിൽ 3 ലക്ഷം രൂപ നീക്കി വെക്കുന്നു.
- കിടാരി വിതരണത്തിനായി ഇതേ മേഖലയിൽ 3 ലക്ഷം രൂപ വകയിരുത്തുന്നു.
- ധാതു ലവണ മിശ്രിതം വിതരണം ചെയ്യാൻ 2 ലക്ഷം രൂപയും ആവർത്തന ചെലവിനായി 50,000 രൂപയും നീക്കിവെക്കുന്നു.
- ക്ഷീരനഗരം പദ്ധതിക്കായി 14 ലക്ഷം രൂപയും കാലിത്തീറ്റ സബ്സിഡി ജനറൽ ഇനത്തിൽ 10 ലക്ഷം രൂപയും SCP ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ 26 ലക്ഷം രൂപ നീക്കിവെക്കുന്നു.

ലോകത്തിന് ശാശ്വതമായ സമാധാനം ലഭിക്കണമെങ്കിൽ നിങ്ങൾ കുട്ടികളിൽ നിന്ന് തുടങ്ങുക എന്ന മഹാത്മാവിന്റെ വാക്കുകൾ സ്മരിച്ചുകൊണ്ടാണ് പൊതു വിദ്യാഭ്യാസത്തിനായി തുക വകയിരുത്തുന്നത്. പൊതുവിദ്യാലയങ്ങളുടെ സംരക്ഷണത്തിലൂടെ മാത്രമേ നമ്മുടെ ജനാധിപത്യവും മതേതരത്വവും കാത്തു സൂക്ഷിക്കുവാൻ കഴിയൂ. കേന്ദ്രാവിഷ്കൃത പദ്ധതിയായ SSKയ്ക്കായി 25,00,000 ലക്ഷം രൂപ വകയിരുത്തുന്നു. മുക്കം നഗരസഭ രൂപം കൊണ്ട നാൾ മുതൽ എല്ലാ വർഷവും SSLC, പ്ലസ്ടു വിദ്യാർത്ഥികളുടെ മികച്ച വിജയത്തിനായി വിജയോത്സവം എന്ന പേരിൽ തുക വകയിരുത്താറുണ്ട്. സർക്കാർ - എയ്ഡഡ് വ്യത്യാസമില്ലാതെ എല്ലാ വിദ്യാലയങ്ങൾക്കും ഈ തുക അനുവദിക്കാറുണ്ട്. ഈ വർഷവും 3,30,000 രൂപ അനുവദിക്കുന്നു. സർക്കാർ വിദ്യാലയങ്ങളുടെ സംരക്ഷണ ചിലവിനത്തിൽ ഈ വർഷം മുതൽ പ്രത്യേക തുക അനുവദിക്കുന്നു.

| | | |
|---|---|---|
| ഗവ ഹയർസെക്കൻഡറി സ്കൂൾ നീലേശ്വരം | - | 3,00,000 |
| ഹൈസ്കൂൾ വിഭാഗം | - | 3,00,000 |
| ആകെ | - | 6,00,000 |
| ജി..യു.പി.എസ് മണാശ്ശേരി | - | 2,00,000 |
| ജി.എം.യു.പി.എസ് ചേന്നമംഗല്ലൂർ | - | 2,00,000 |
| ജി.യു.പി.എസ് എസ് മുത്തേരി | - | 1,00,000 |
| ജി.എൽ.പി.എസ് പൂളപ്പൊയിൽ | - | 50,000 |
| ജി.എൽ.പി.എസ് താഴക്കോട് | - | 50,000 |
| **ആകെ** | - | **12,00,000** |

അറിവിന്റെ ആദ്യാക്ഷരങ്ങൾ കുറിക്കാൻ വിദ്യാലയങ്ങളിൽ എത്തുന്ന കുരുന്നുകൾക്ക് ശീതീകരിച്ച ക്ലാസ് മുറികൾ ഒരുക്കാൻ 4,00,000 രൂപ അനുവദിക്കുന്നു. 4 വർഷം കൊണ്ട് മുക്കം നഗരസഭയിലെ സർക്കാർ വിദ്യാലയങ്ങളിലെ ലോവർ പ്രൈമറി വിഭാഗം ശീതികരിക്കാനുള്ള പദ്ധതിക്ക് ഈ വർഷം തുടക്കമിടും. സംസ്ഥാനത്തെ ആദ്യ പദ്ധതിയാവും ഇതെന്ന് കരുതപ്പെടുന്നു. അതേസമയം വർദ്ധിക്കുന്ന വൈദ്യുത ചാർജ് മറികടക്കാൻ എല്ലാ സർക്കാർ വിദ്യാലയങ്ങളിലും ഘട്ടം ഘട്ടമായി സോളാർ പാനലുകൾ സ്ഥാപിക്കും.

**"അറിവിനൊത്തു പണിയണം**
**ചെലവിനൊത്തെടുക്കണം**
**മിച്ചമുള്ളതെടുത്തു പങ്ക് വെക്കണം"**

ഇതാണ് നമ്മുടെ നയം

ഉന്നത വിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായി മെറിറ്റോറിയൽ സ്കോളർഷിപ്പിനായി 30 ലക്ഷം രൂപ വകയിരുത്തുന്നു. പണമില്ലാത്തതുകൊണ്ട് ഉന്നത വിദ്യാഭ്യാസം അപ്രാപ്യമാകുന്ന അവസ്ഥയ്ക്ക് അറുതി വരണം. ഉയർച്ച താഴ്ചകൾക്കതീതമായ നാടാണ് നമ്മുടെ ലക്ഷ്യം.

ഇരുവഞ്ഞിപ്പുഴ അരപ്പട്ട കെട്ടിയ ഗ്രാമമാണ് മുക്കം. പുഴയും, ചെറു തോടുകളും, കുളങ്ങളും കൊണ്ട് ജലസമൃദ്ധം. അതോടൊപ്പം അപകടസാധ്യതയും ഉണ്ട്. നീന്തൽ അറിയാത്തവർ നഗരസഭയിൽ ഉണ്ടാവാൻ പാടില്ല. കുട്ടികൾ നീന്തി വളരട്ടെ. **"നീന്തിവാ മക്കളെ"** പരിപാടിക്കായി 2,00,000 രൂപ വകയിരുത്തുന്നു.

അർഹരായവരെ അംഗീകരിക്കണം. ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കുന്നതിലൂടെ അംഗീകാരവും പ്രോത്സാഹനവും ആണ് നൽകുന്നത്. സി.എം.കിഡ്സ് സ്കോളർഷിപ്പ്, SSLC, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവർ, NMMS തുടങ്ങിയ മത്സരപരീക്ഷകളിൽ വിജയിച്ചവർ തുടങ്ങിയ അഭിമാനകരമായ നേട്ടം കൈവരിച്ച വിദ്യാർഥികളെ ആദരിക്കാൻ 1 ലക്ഷം രൂപ വകയിരുത്തുന്നു. എൽ.പി വിഭാഗം കായികമേളയ്ക്കായി 50,000 രൂപ വകയിരുത്തുന്നു. കേരളോത്സവം നടത്തിപ്പിനായി 2 ലക്ഷം രൂപയും വർണോത്സവത്തിനായി 1 ലക്ഷം രൂപയും നീക്കിവെക്കുന്നു. അങ്കണവാടി കുട്ടികളുടെ സർഗ്ഗവാസനകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമായി സംഘടിപ്പിക്കുന്ന ശലഭോത്സവത്തിനായി 30,000/- രൂപ അനുവദിക്കുന്നു.

- ➲ അംഗീകൃത വായനശാലകൾക്ക് കസേര നൽകുന്നതിനായി വായനാപീഠം ഇനത്തിൽ 40,000 രൂപ വകയിരുത്തുന്നു.
- ➲ പൈതൃക വിദ്യാലയമായ താഴക്കോട് ഗവ:എൽ.പി സ്കൂളിന് 3,00,000 ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിലെ കലാപ്രതിഭകളായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കാൻ കലാ പ്രതിഭ ഇനത്തിൽ 1 ലക്ഷം രൂപ വകയിരുത്തുന്നു.
- ➲ ഫിലിംഫെസ്റ്റിവലിനായി 2 ലക്ഷം രൂപയും വിജ്ഞാന പ്രക്ഷേപിണിക്കായി 4.20 ലക്ഷം രൂപയും ഇന്റർ ആക്ടീവ് ബോർഡുകൾക്കായി 8 ലക്ഷം രൂപയും കളിമൺ ശിൽപശാലക്ക് 1 ലക്ഷം രൂപയും നാടകക്കളരിക്ക് 1 ലക്ഷം രൂപയും കാലിഗ്രാഫി ക്യാമ്പിന് 1 ലക്ഷം രൂപയും സ്കൂളുകളുടെ നെയിം ബോർഡ് പരിഷ്കരിക്കാൻ 1 ലക്ഷം രൂപയും PG വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് നൽകാൻ 17 ലക്ഷം രൂപയും നീക്കി വെക്കുന്നു.
- ➲ മുക്കത്തിന്റെ തിളക്കം വർദ്ധിപ്പിക്കാൻ രൂപം നൽകുന്ന പുതിയ സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് 5 ലക്ഷം വകയിരുത്തുന്നു. അംഗനവാടി കുട്ടികളുടെ പോഷകാഹാരത്തിനായി 35 ലക്ഷം രൂപ വകയിരുത്തുന്നു. അഗതി ആശ്രയ പദ്ധതിക്കായി 2 ലക്ഷം രൂപ വകയിരുത്തുന്നു.
- → വിദ്യാർത്ഥികൾക്ക് സാനിറ്ററി നാപ്കിൻ എളുപ്പത്തിൽ ലഭ്യമാക്കാൻ സ്മാർട്ട് ഗേൾ പദ്ധതിയ്ക്കായി 3 ലക്ഷം രൂപ വകയിരുത്തുന്നു.
- → ഭിന്നശേഷി കലോത്സവത്തിന് 2 ലക്ഷം രൂപയും ഭിന്നശേഷി സ്കോളർഷിപ്പിനായി 35 ലക്ഷം രൂപയും നീക്കിവെക്കുന്നു.
- → വയോമിത്രം പദ്ധതിക്കായി 10 ലക്ഷം രൂപയും മുതിർന്ന പൗരന്മാർക്കായി 5 ലക്ഷം രൂപയും വയോജനങ്ങൾക്ക് കട്ടിൽ നൽകാൻ 8.5 ലക്ഷവും SCP ഇനത്തിൽ 8.5 ലക്ഷവും ഉൾപ്പെടെ 17 ലക്ഷം രൂപ നീക്കി വെക്കുന്നു.

- → അങ്കണവാടികളിൽ സ്മാർട്ട് ടിവി സ്ഥാപിക്കാൻ 8.5 ലക്ഷം രൂപ നീക്കി വെക്കുന്നു.
- → അങ്കണവാടികൾക്ക് ഇന്റർനെറ്റ് ലഭ്യമാക്കാൻ 5 ലക്ഷം രൂപ അനുവദിക്കുന്നു
- → നഗര രാത്രികളിലെ തമസകറ്റാൻ സൂര്യനഗർ പദ്ധതികളിലൂടെ സാധിക്കുമെന്ന് കരുതാം. ഘട്ടം ഘട്ടമായി എല്ലാ പാതകളെയും പ്രകാശമാനമാക്കണം. ആദ്യഘട്ടം എന്ന നിലയിൽ തെരുവു വിളക്കുകൾ സംരക്ഷിക്കുന്നതിനായി 10 ലക്ഷം രൂപയും പുതിയ തെരുവ് സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവ് വിളക്കുകൾക്കായി സ്ഥാപിക്കുന്നതിനായി 15 ലക്ഷവും അനുവദിക്കുന്നു. പകലിന്റെ വെളിച്ചം സംഭരിച്ച് രാവിനെ പകലാക്കുന്ന പദ്ധതിക്കും തുടക്കമിടുന്നു. **സൂര്യനഗർ** പദ്ധതിക്കായി ആദ്യഘട്ടം എന്ന നിലയിൽ 18.5 ലക്ഷം രൂപയും ലോ മാസ്റ്റിനായി 3 ലക്ഷം രൂപയും വകയിരുത്തുന്നു.

**“ശരീര മാദ്യം ഖലു ധർമ്മ സാധനം”**

എന്ന കാളിദാസ വാക്യം ഓർമ്മപ്പെടുത്തുന്നു.

ജനതയുടെ ആരോഗ്യത്തിന് നഗരസഭ വളരെ പ്രാധാന്യം നൽകുന്നു. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 13.5 കോടി രൂപ ചിലവിൽ കെട്ടിടം പണിയുന്നതിനുള്ള പ്രവർത്തികൾ ആരംഭിച്ചു കഴിഞ്ഞു. നിലവിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഉപകരണങ്ങൾ മാറ്റാൻ അനുബന്ധപ്രവർത്തികൾക്കുമായി മെഡിക്കൽ ഓഫീസറുടെ അപേക്ഷ പ്രകാരം 7 ലക്ഷം രൂപ അനുവദിക്കുന്നു. ജീവതാളം പ്രവർത്തനത്തിനായി 2 ലക്ഷം രൂപയും വാതിൽപ്പടി സേവനത്തിനായി 1 ലക്ഷം രൂപയും നീക്കിവെക്കുന്നു.

- ➢ മരുന്നു വാങ്ങാൻ 5 ലക്ഷം രൂപയും
- ➢ ഫസ്റ്റ് എയിഡ് കിറ്റിന് 1 ലക്ഷം രൂപയും വകയിരുത്തുന്നു
- ➢ ആവർത്തന ചെലവിനത്തിൽ 7 ലക്ഷം രൂപയും സബ്സെന്ററുകൾക്ക് ലാപ്പ്ടോപ്പ് വാങ്ങാൻ 4,20,000 രൂപയും പാലിയേറ്റീവ് യൂണിറ്റിന് 15 ലക്ഷം രൂപയും നീക്കിവെക്കുന്നു. മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കാൻ 3 ലക്ഷം രൂപ വകയിരുത്തുന്നു. ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് വേതന ഇനത്തിൽ 5 ലക്ഷം രൂപ വകയിരുത്തുന്നു.
- ➢ ആയുർവേദ രംഗത്തെ സ്പന്ദനം പദ്ധതിക്കായി 3 ലക്ഷം രൂപയും മരുന്നു വാങ്ങാൻ 16 ലക്ഷം രൂപയും ആവർത്തന ചെലവിനായി 1,50,000 രൂപയും വകയിരുത്തുന്നു.
- ➢ ഹോമിയോ ആശുപത്രിയിൽ മരുന്ന് വാങ്ങാൻ 6 ലക്ഷം രൂപയും ആവർത്തന ചെലവുകൾക്കായി 30,000/- രൂപയും വകയിരുത്തുന്നു.

**“ആരോഗ്യമുള്ള ശരീരത്തിലാണ്**
**ആരോഗ്യമുള്ള മനസ്സുണ്ടാവുക”**

എന്നാണ് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുള്ളത്.

നഗരസഭയിലെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി അനുയോജ്യമായ ഇടങ്ങളിൽ 10 ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കുന്നതാണ്. അഞ്ചുവർഷം കൊണ്ട്

34 വാർഡുകളിലും ഓപ്പൺ ജിമ്മുകൾ സ്ഥാപിക്കുക എന്നതാണ് നാം ലക്ഷ്യ മിടുന്നത്. വിദ്യാർത്ഥികളുടെ കായിക വളർച്ചയ്ക്കായി കായിക മുക്കം, സ്റ്റാമിന, ആർച്ച തുടങ്ങിയ പദ്ധതികൾ തുടരും.

കൂടെയുണ്ടായവർ, കൈകോർത്തിരുന്നവർ കാല പ്രവാഹത്തിൽ മറഞ്ഞു പോയവർ കൂട്ടില്ല, നിഴൽ മാത്രം കൂട്ടായവർ. വീട്ടിലെ ഏകാന്തതയിൽ കഴിയുന്ന മുതിർന്ന പൗരന്മാർ, അവർക്ക് നാം താങ്ങും തണലുമാകണം. ഹോം നേഴ്സിംഗ് പരിശീലനത്തിനായി 15,30,000 രൂപ വകയിരുത്തുന്നു. **"സംഗീതം അമര സല്ലാപ മാണ്, മണ്ണിനു വിണ്ണിന്റെ വരദാനമാണ്"** എന്നാണ് കവി വാക്യം. മുതിർന്ന പൗര ന്മാർക്ക് മാനസികോല്ലാസത്തിനായി പാട്ടു പെട്ടികൾ നൽകാൻ **"കൂട്ടിരിക്കാൻ പാട്ടുപെട്ടി"** പദ്ധതിക്കായി 2.5 ലക്ഷം രൂപ വകയിരുത്തുന്നു. പാർശ്വവൽക്കരിക്ക പ്പെട്ടവരെ ഉയർത്തിക്കൊണ്ടുവരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്.

✶ പാർപ്പിട മേഖലയിൽ ഭവനപുനരുദ്ധാരണത്തിനായി ജനറൽ വിഭാഗത്തിൽ 51 ലക്ഷം രൂപയും SCP ഇനത്തിൽ 68 ലക്ഷം രൂപയും PMAY വിഹിതം 60 ലക്ഷം രൂപയും വകയിരുത്തുന്നു. സ്റ്റാമിന പദ്ധതിക്കായി 3 ലക്ഷം രൂപയും വിവാഹ ധനസഹായം നൽകാൻ 12.5 ലക്ഷവും പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ 20 ലക്ഷം രൂപയും വിജ്ഞാനകേരളം പദ്ധതിക്കായി 5 ലക്ഷം രൂപയും വകയിരുത്തുന്നു.

✶ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ 6,60,00,000/- നീക്കി വെക്കുന്നു 1,49,160 തൊഴിൽദിനങ്ങൾ പ്രതീക്ഷിക്കുന്നു.

✶ റോഡുകളുടെ സംരക്ഷണ ചെലവിനത്തിൽ 4,07,45,000

✶ പുതിയ റോഡുകൾക്കായി 2,30,00,000/- രൂപയും

✶ SEP ഇനത്തിൽ 2,78,00,000/- രൂപയും അനുവദിക്കുന്നു

✶ പട്ടിക വർഗ്ഗ വികസനത്തിന് 5 ലക്ഷം രൂപ വകയിരുത്തുന്നു

പ്രിയ സഹോദരിമാരെ,

**തോൽപ്പിക്കാൻ ചുറ്റിലായാളുകൾ ഏറെയുണ്ടെങ്കിലും**
**തോൽക്കില്ല നാം, തോൽക്കരുത് നാം.**

വനിതാ ഘടക പദ്ധതികൾക്കായി ഗൃഹോപകരണ റിപ്പയറിംഗ് പരി ശീലനത്തിനായി 1 ലക്ഷം രൂപയും മൺചട്ടി നിർമ്മാണ യൂണിറ്റിനായി 5 ലക്ഷം രൂപയും കമ്പോസ്റ്റ് ജൈവവള യൂണിറ്റിനായി 5 ലക്ഷം രൂപയും തൈ ഉൽപ്പാദ യൂണിറ്റിനായി 1 ലക്ഷം രൂപയും ഷീ ലോഡ്ജിന് 2 ലക്ഷം രൂപയും ഷീ ഓട്ടോയ്ക്ക് 6 ലക്ഷം രൂപയും കുടുംബശ്രീ വനിതാ ഹോട്ടലി നായി 3 ലക്ഷം രൂപയും ഫുഡ് സ്ട്രീറ്റ് സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപയും വനിതഫിറ്റ്നെസ് സെന്ററിന് 6,00,000/- രൂപയും ഹോം നഴ്സിംഗ് 15,32,000 കുടിവെള്ള യൂണിറ്റിനായി 15 ലക്ഷം രൂപയും വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനത്തിനായി 5 ലക്ഷം രൂപയും ചക്ക സംസ്കരണ യൂണിറ്റിനായി 7 ലക്ഷം രൂപയും നീക്കി വെക്കുന്നു.

- ★ ശുചിത്വ നഗരം പദ്ധതിക്കായി 1 കോടി 94 ലക്ഷത്തിന്റെ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കുടിവെള്ള വിതരണത്തിനായി തനതു ഫണ്ടിൽ നിന്നും 17 ലക്ഷം രൂപ നീക്കി വെക്കുന്നു.
- ★ ഫാമിലി വെൽഫെയർ സെന്ററിൽ ഷീറ്റിട്ട് പകൽ വീട് ഒരുക്കാൻ 5 ലക്ഷം രൂപയും അടിയന്തിര റോഡ് സംരക്ഷണ പദ്ധതികൾക്ക് 15 ലക്ഷം രൂപയും മുക്കം പി.സി റോഡ് പൈതൃക തെരുവ് ആക്കി മാറ്റുന്നതിന് 5 ലക്ഷം രൂപയും നഗരസഭയിലെ റോഡുകളിൽ നെയിംബോർഡ് സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയും വകയിരുത്തുന്നു.
- ★ സംസ്ഥാന സർക്കാറിൽ നിന്നും ടൂറിസം മേഖലയിൽ 5 കോടി രൂപയുമാണ് പ്രതീക്ഷിക്കുന്നത്.
- ★ അതോടൊപ്പം ടൂറിസം രംഗത്തെ ബ്രിട്ടീഷ് പാർക്കിനായി നഗരസഭ 5 ലക്ഷം രൂപ വകയിരുത്തുന്നു
- ★ മുക്കം നഗരസഭ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 1 കോടി രൂപ നീക്കി വെക്കുന്നു.
- ★ മുക്കം പുഴയോരത്ത് ഓപ്പൺ ഓഡിറ്റോറിയം സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപ നീക്കി വെക്കുന്നു
- ★ ബ്ലൂം ബീറ്റ പദ്ധതിയുടെ ഭാഗമായി അങ്കണവാടികളുടെ അറ്റകുറ്റപണികൾക്കും പെയിന്റിംഗിനുമായി 35 ലക്ഷം രൂപ വകയിരുത്തുന്നു. സ്മാർട്ട് ടിവിക്കായി 8.5 ലക്ഷം രൂപ വകയിരുത്തുന്നു.
- ★ ഫാമിലി വെൽഫെയർ സെന്റർ കിണർ റിപ്പയറിംഗിനായി 1.5 ലക്ഷം രൂപ വകയിരുത്തുന്നു
- ★ നെല്ലിക്കാപൊയിൽ അങ്കണവാടിയുടെ നിർമ്മാണം പൂർത്തീകരിക്കാൻ 2 ലക്ഷം രൂപ വകയിരുത്തുന്നു.
- ★ മുത്തേരി ഗവ : യു.പി സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്കും ഷീറ്റിടുന്നതിനും 6 ലക്ഷം രൂപ വകയിരുത്തുന്നു.
- ★ നഗരസഭയിലെ 10 കേന്ദ്രങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കാൻ 30 ലക്ഷം രൂപ വകയിരുത്തുന്നു.
- ★ ഭവനരഹിതർക്കുള്ള ഫ്ളാറ്റ് സമുച്ചയം പൂർത്തിയാക്കാൻ വായ്പ ഇനത്തിൽ 17,50,0000 രൂപ കണ്ടെത്തുന്നതാണ്.
- ★ ഇൻഡസ്ട്രിയൽ പാർക്കിന് 10 ലക്ഷം രൂപയും ABC പ്രോഗ്രാമിന് 2 ലക്ഷം രൂപയും ഘടക സ്ഥാപനങ്ങളുടെ അടിയന്തിര സംരക്ഷണ ചെലവിനത്തിൽ 5 ലക്ഷം രൂപയും ഇ.എം.എസ് ഓഡിറ്റോറിയത്തിലേക്ക് കസേര, മൈക്ക് സെറ്റ്, സ്റ്റേഡിയം എന്നിവ ഒരുക്കുന്നതിന് 10 ലക്ഷം രൂപയും വകയിരുത്തുന്നു

★ ഡിജി കേരളയ്ക്കായി 5 ലക്ഷം രൂപയും ലൈബ്രറികൾ, ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് 2 ലക്ഷം രൂപയും പേ പാർക്കിംഗിന് 1 ലക്ഷം രൂപയും കൃഷി സുരക്ഷയ്ക്കായി 5 ലക്ഷം രൂപയും സ്നേഹസ്പർശനത്തിന് 7 ലക്ഷം രൂപയും നൽകുന്നു.

മുക്കം അതിവേഗം വളരുന്ന വാണിജ്യ കേന്ദ്രമായി മാറുകയാണ്. ഭൂമി ശാസ്ത്രവും, ചരിത്രപരവും സാംസ്കാരികവുമായ ഘടകങ്ങൾക്ക് ഈ വളർച്ചയിൽ സുപ്രധാന പങ്കുണ്ട്. അതുകൊണ്ട് നഗരാസൂത്രണത്തിന്റെ പുതിയ തലത്തിലേക്ക് നാം ഉയരണം. നഗരസഭ ഓഫീസിന്റെ പരിമിതി മറികടക്കേണ്ടതുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കാനായി 1 കോടി രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തുന്നു. കെട്ടിട നിർമ്മാണം നടക്കുന്ന കാലഘട്ടത്തിൽ ഓഫീസ് കെട്ടിടം വാടക കെട്ടിടത്തിലേക്ക് മാറേണ്ടി വരും. ഈ ആവശ്യങ്ങൾക്ക് 25 ലക്ഷം രൂപയും വകയിരുത്തുന്നു. മുക്കം അങ്ങാടിക്കടുത്തുള്ള അനുയോജ്യമായ സ്ഥലം ലഭിക്കുന്നതിനായി 1 കോടി രൂപയും വകയിരുത്തുന്നു.

മതിലുകൾക്കക്കരെ പുഴ കരഞ്ഞീടുന്നു. തീരങ്ങളിൽ വേലി ചാർത്തി പകുത്തെടുത്ത പുഴയോരത്തെ നമുക്ക് തിരിച്ചെടുക്കണം. മധുരമനോഹര മനോജ്ഞമായ ഈ നാടിന്റെ വർണ്ണാഭയെ നമുക്കാസ്വദിക്കണം. ഇനി വരുന്നൊരു തലമുറയ്ക്ക് ഈ മണ്ണിന്റെ ഹരിതകാന്തി കൂടുതൽ ശോഭയോടെ നിലനിർത്തണം. കോഴിക്കോട് നഗരത്തിരക്കിൽ വീർപ്പു മുട്ടുന്നവരുടെ വാരാന്ത്യ വിശ്രമകേന്ദ്രമായി മുക്കത്തെ മാറ്റിയെടുക്കണം. ഇരുവഴിഞ്ഞി പുഴയെ തിരിച്ചു പിടിക്കണം. പുഴയിലൂടെ ഉല്ലാസ നൗകകൾക്ക് നീങ്ങാൻ വഴിയൊരുക്കണം. പുഴയോര സർവ്വെക്കായി 1 ലക്ഷവും ബോട്ട് ജെട്ടികൾക്കായി 5 ലക്ഷം രൂപയും നീക്കി വെക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി ഇതോടെ പൂർത്തിയാവുകയാണ്. പതിനഞ്ചാം പദ്ധതിക്കുള്ള മുന്നൊരുക്കങ്ങൾ ഈ വർഷം ആരംഭിക്കണം 2011 ലാണ് അവസാനമായി കാനേഷുമാരി നടന്നത്. നഗരസഭ രൂപീകരിക്കപ്പെട്ട ശേഷം വീടുകൾ കയറിയുള്ള കണക്കെടുപ്പ് നടന്നിട്ടില്ല എന്ന് സാരം. അതുകൊണ്ടുതന്നെ സമഗ്രമായ സർവ്വേ ആവശ്യമാണ്. പുതുതലമുറയുടെ അടിസ്ഥാന ആവശ്യങ്ങൾ അറിഞ്ഞു വേണം പുതിയ പദ്ധതികൾ രൂപകൽപ്പന ചെയ്യേണ്ടത്. കർഷകർ വിദ്യാർഥികൾ, അധ്യാപകർ, വ്യാപാരികൾ, വ്യവസായികൾ, യുവജനങ്ങൾ വനിതകൾ, സാങ്കേതിക വിദഗ്ധർ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാവരിൽ നിന്നും ക്രിയാത്മകമായ നിർദ്ദേശങ്ങൾ കേൾക്കാൻ അവസരമുണ്ടാകണം. വാർഡ് സഭകൾ ഊർജ്ജിതമാക്കണം. പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി 4 ലക്ഷം രൂപ നീക്കി വെക്കുന്നു.

## ഉപസംഹാരം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷമാണ്. ഐക്യ രാഷ്ട്ര സഭ ലക്ഷ്യമിട്ട സുസ്ഥിര വികസന അടിസ്ഥാനമാക്കിയാണ് ഇന്ത്യയിൽ പതിനാലാം പഞ്ചവത്സര പദ്ധതി രൂപം നൽകിയത്. സാമ്പത്തിക വളർച്ച ത്വരിത പ്പെടുത്താനും ജീവിത നിലവാരം മെച്ചപ്പെടുത്താനുമാണ് പതിനാലാം പഞ്ചവത്സര പദ്ധതിലക്ഷ്യമിടുന്നത്. പൊതു സ്ഥാപനങ്ങൾ നവീകരിക്കാനും പൊതുഇടങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാനും നാം പദ്ധതികൾ തയ്യാറാക്കി. സന്തോഷകരമായ ജീവിതം നയിക്കുന്ന പൗരന്മാർ ഉണ്ടാവണ മെങ്കിൽ സുരക്ഷിതമായി ഇടങ്ങളിൽ തലചായ്ക്കാൻ കഴിയണം. വിശപ്പിന്റെ കാഠിന്യത്തിൽ പ്രയാസപ്പെടരുത്. രോഗം മൂലം പ്രയാസപെടുന്നവർക്ക് കൈത്താ ങ്ങാവണം ഭരണസംവിധാനങ്ങൾ. പ്രാദേശിക, സാമ്പത്തിക വളർച്ചയും ഉൽപാദന വർദ്ധനവും ലക്ഷ്യമിട്ട് ഒട്ടേറെ പദ്ധതിക്ക് നാം രൂപം നൽകിയിട്ടുണ്ട്. നമ്മുടെ നാടിന്റെയും മുഖച്ഛായ മാറുന്ന ഒട്ടേറെ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞു. അതിന്റെ ഫലമായി ഊഷ്മളമായ ഒരു നാടായി നമ്മുടെ മുക്കം മാറി ക്കൊണ്ടിരിക്കുന്നു.

പ്രിയസഹോദരങ്ങളെ,

പൂർവ്വികർ നമുക്ക് ഒരുക്കിയ ഈ നൂതന മധുര രംഗ ഭൂമിയിൽ നൂതനാശ ങ്ങൾ നമുക്ക് നടപ്പിലാക്കണം. അവനവന് വേണ്ടി അല്ലാതെ അപരനു വേണ്ടി ജീവിച്ചവരെ ഓർക്കാതെ നമ്മുടെ ദിനങ്ങൾ തുടങ്ങാറില്ല. ഇരുൾവഴികളിൽ നമ്മുടെ ഊർജ്ജം അവരാണ്.

**ഉച്ചനീചത്വമില്ലാത്ത സമത്വ സുന്ദര ഭൂമിയെന്ന അവരുടെ സ്വപ്നം** യാഥാർത്ഥ്യമാക്കാനുള്ള ചുവടുകളാണ് ഈ ബജറ്റിലൂടെ ഇവിടെ അവതരിപ്പിച്ചത്. ഇതെന്റെ ഹൃദയാഭിലാഷമാണ്. ഹൃദയമാണ്. നിങ്ങളുടെ ഇടനെഞ്ചോടിതിനെ ചേർത്ത് പിടിക്കുക നെഞ്ചിൻ നെരിപ്പോടിലെ കനലുകളിൽ നിന്ന് അല്പം ചൂടു പകരുക.

### കൂടെയുണ്ടാവണം

ചേർച്ചയുള്ള മാനസങ്ങൾ തീർത്ത് നമുക്കീസ്വപ്നങ്ങളെ യാഥാർത്ഥ്യ മാക്കാം. ക്രിയാത്മക നിർദ്ദേശങ്ങൾക്ക് ഹൃദയംഗമായ സ്വാഗതം.

**മാനവികതയെ വിജയകരമായി ഉപയോഗിക്കുന്നതും യുക്തിചിന്തയെയും പൊതുസംവാദത്തെയും ആശ്രയിക്കുന്നത് ആണ് അതിവേഗ വികസന പാതയിൽ കേരളത്തിന് സഹായകരമായ ആസ്തികൾ**

**അമർത്ത്യാസെൻ**
(നോബൽ സമ്മാന ജേതാവായ
സാമ്പത്തിക ശാസ്ത്രജ്ഞൻ)

*2026-27 വാർഷിക ബജറ്റ് അംഗീകാരത്തിനും ചർച്ചകൾക്കുമായി സമർപ്പിക്കുന്നു.*

ഹൃദയാഭിവാദ്യങ്ങൾ

**സി. എ പ്രദീപ്കുമാർ**
ഡെപ്യൂട്ടി ചെയർപേഴ്സൺ
മുക്കം നഗരസഭ

# 2025 – 26 വർഷത്തെ പുതുക്കിയ ബജറ്റ്
# ഒറ്റ നോട്ടത്തിൽ

| | |
|---|---|
| വർഷാരംഭത്തിലെ മുന്നിരിപ്പ് | 116744933 |
| ആകെ വരുമാനം | 645658841 |
| ആകെ ചെലവ് | 557056631 |
| നീക്കിയിരിപ്പ് | 88602210 |

# 2026–27
# മതിപ്പ് ബജറ്റ് ഒറ്റ നോട്ടത്തിൽ

| | |
|---|---|
| വർഷാരംഭത്തിലെ മുന്നിരിപ്പ് | 88602210 |
| ആകെ വരുമാനം | 761132640 |
| ആകെ ചെലവ് | 735546400 |
| നീക്കിയിരിപ്പ് | 25586240 |

| NEW BUDGET 2026-2027 | | |
|---|---|---|
| | HEAD OF ACCOUNTS | BUDGET FOR 2026-2027 |
| | **Opening Balance** | **88602210** |
| | Tax Revenues | 58721250 |
| | Fees and User Charges | 15916850 |
| | Sale and Hire Charges | 494930 |
| | Revenue Grants, Contributions and Subsidies | 185907400 |
| | Interest Earned | 1800000 |
| | Rental Income | 4010000 |
| | Health Grant towards conversion of PHCs and Subcentres into Health and Wellness Centres | 1500000 |
| | Health Grant Towards support for diagnostic InfraStructure to the PHCs | 3000000 |
| | Central Finance Commission Grant - Tied | 18935000 |
| | Central Finance Commission Grant - Untied | 12623000 |
| | Prime Minister S Awas Yojana (PMAY) - General | 5000000 |
| | Intergrated Child Development Service | 5000000 |
| | Member Of Parliament Local And Development Scheme | 1500000 |
| | Sarva Siksha Abhiyan | 1500000 |
| | Swaccha Bharat Mission - Grameen | 5000000 |
| | Amrut(Atal Mission For Rejuvanation Of Urban Transformation) | 4000000 |
| | NULM | 15000000 |
| | Development Fund - General | 55078000 |
| | Development Fund - Special Component Plan | 27811000 |
| | Maintenance Fund - Road Assets | 40796000 |
| | Maintenance Fund - Non-Road Assets | 16237000 |
| | Local Area Development Fund For Members Of Legislative Assembly | 2500000 |
| | Ayyankali Urban Employment Guarantee Scheme | 60000000 |
| | Grants For Specific Purposes - Election | 800000 |
| | Other Revenue Grants | 1500000 |
| | Grant from Other Government Agencies | 10000000 |
| | Beneficiary Contribution | 2000000 |
| | Contribution to Joint Venture Projects from Others | 1500000 |
| | Loan from Financial Institutions | 96000000 |
| | Loan from K.U.R.D.F.C | 17500000 |
| | Total Deposits Received | 900000 |
| | **TOTAL RECEIPTS** | **672530430** |
| | **OB + RECEIPTS** | **761132640** |
| | | |
| | Establishment Expenses | 62800000 |
| | Administrative Expenses | 10260000 |
| | Operation and Maintenance | 7956000 |
| | Election Expenses | 500000 |

| | | |
|---|---|---|
| | Expenditure on Poverty Eradication Program | 75000000 |
| | State Govt Pension | 148530400 |
| | PMAY- Housing & House Electrification - Construction/Purchase by Local Government | 10000000 |
| | Refund of Deposits | 900000 |
| | Total Payment of Recoveries | 15600000 |
| | MLA -FUND Concrete Roads | 2500000 |
| | MP FUND-Black Topped Roads | 1500000 |
| | AMRUTH FUND-Drainage | 4000000 |
| | Advances and Deposits | 1500000 |
| | PROJECTS | 394500000 |
| | | |
| | **TOTAL PAYMENT** | **735546400** |
| | | |
| | **BALANCE** | **25586240** |

**Mukkam Municipal Office**
**Form 1**

**2026-2027 NEW BUDGET**

| SN | Head of Accounts | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|
| | Opening Balance | 116744933 | 88602210 |
| | Revenue Receipt - 1 | | |
| | Tax Revenues - 110 | | |
| 1 | 1100101 Property Tax (General) | 42000000 | 44100000 |
| 2 | 1101001 Profession Tax – Employees | 7900000 | 8295000 |
| 3 | 1101002 Profession Tax - Traders/ Institutions | 2525000 | 2651250 |
| 4 | 1108004 Entertainment Tax | 3500000 | 3675000 |
| | Total Tax Revenues | 55925000 | 58721250 |
| | Fees and User Charges - 140 | | |
| 5 | 1401001 Private Hospital & Paramedical Institutions Registration Fee | 10000 | 11000 |
| 6 | 1401002 Tutorial College Registration Fee | 5000 | 6000 |

| SN | Head of Accounts | Budget for 2025-2026 | **Budget for 2026-2027** |
|---|---|---|---|
| 7 | **1401101 License Fees for IFTEOS** | 1250000 | **1312500** |
| 8 | **1401104 License Fees under Cinema Regulation Act** | 10000 | **11000** |
| 9 | **1401106 License Fees for Domestic Dogs** | 2000 | **3000** |
| 10 | **1401199 Other Licensing Fees** | 10000 | **11000** |
| 11 | **1401201 Fees for Construction of Buildings** | 6500000 | **6825000** |
| 12 | **1401202 Fees for Installation of Machinery** | 100000 | **105000** |
| 13 | **1401203 Permit Application fee** | 500000 | **525000** |
| 14 | **1401301 Fees for Birth & Death Certificate** | 20000 | **27000** |
| 15 | **1401302 Fees for Delayed Registration - Birth & Death** | 5000 | **6000** |
| 16 | **1401304 Fee for Marriage Registration** | 35000 | **36750** |
| 17 | **1401305 Fee for Non Availability Certificate** | 100 | **200** |
| 18 | **1401306 Fee for Correction in Registration** | 4000 | **4200** |
| 19 | **1401399 Fees for Other Certificates or Extracts** | 6000 | **6300** |

| SN | Head of Accounts | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|
| 20 | 1401701 Regularization Fees | 1500000 | 3000000 |
| 21 | 1401801 Application Fee | 220000 | 231000 |
| 22 | 1402001 Penal Interest | 2000000 | 2100000 |
| 23 | 1402003 Other Penalities and Fines | 150000 | 472500 |
| 24 | 1402004 Compounding Fee | 300000 | 315000 |
| 25 | 1402006 Fine imposed by Health Authorities | 200000 | 210000 |
| 26 | 1404002 Notice Fees | 2000 | 2000 |
| 27 | 1404004 Ownership Change Fees - Fine | 125000 | 131250 |
| 28 | 1404008 Delayed Registration Fees | 10000 | 10500 |
| 29 | 1404009 Search Fees | 200 | 300 |
| 30 | 1404011 Late Fee | 25000 | 26250 |
| 31 | 1404099 Other Fees | 1000 | 1000 |
| 32 | 1405005 Bus Stand Fees | 302000 | 317100 |
| 33 | 1407001 Road Cutting Charges | 200000 | 210000 |
| | Total Fees and User Charges | 13492300 | 15916850 |

| SN | Head of Accounts | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|
| | **Sale and Hire Charges - 150** | | |
| 34 | 1501001 Receipts from Sale of Agricultural Products | 56600 | 59430 |
| 35 | 1501101 Receipts from Sale of Forms | 10000 | 10500 |
| 36 | 1501102 Receipts from Sale of Tender Forms | 300000 | 315000 |
| 37 | 1501201 Receipts from Sale of Stores | 20000 | 10000 |
| 38 | 1501202 Receipts from Sale of Scrap | 50000 | 60000 |
| 39 | 1501203 Receipts from auction of obsolete assets | 30000 | 40000 |
| | Total Sale and Hire Charges | 466600 | 494930 |
| | **Revenue Grants, Contributions and Subsidies - 160** | | |
| 40 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | 20414800 | 12500000 |
| 41 | 1601012 Fund for Transferred Functions/ Schemes - Widow Pension | 32800200 | 37500000 |
| 42 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | 2462400 | 2600000 |
| 43 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | 9630400 | 9630400 |
| 44 | 1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage | 0 | 300000 |
| 45 | 1601018 Fund for Transferred Functions/ Schemes - Old Age Pension | 59868200 | 62000000 |

| SN | Head of Accounts | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|
| 46 | 1601023 General Purpose Fund | 28117000 | 37377000 |
| 47 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | 5000000 | 24000000 |
| | Total Revenue Grants, Contributions and Subsidies | 158293000 | 185907400 |
| | **Interest Earned - 171** | | |
| 48 | 1711001 Interest from Bank Accounts | 1600000 | 1800000 |
| | **Total Interest Earned** | 1600000 | **1800000** |
| | **Rental Income - LB Properties - 130** | | |
| 49 | 1301001 Rent from Town Hall | 75000 | 80000 |
| 50 | 1301003 Rent from Shopping Complex | 3151856 | 3500000 |
| 51 | 1301099 Rent from Other Civic Amenities | 365500 | 400000 |
| 52 | 1304001 Rent from Lease of Lands | 27000 | 30000 |
| | **Total Rental Income** | 3619356 | **4010000** |
| | **Total Revenue Receipt** | 228396256 | **266850430** |
| | **Capital Receipt - 2** | | |
| | **Grants, Contribution for Specific Purposes - 320** | | |

| SN | Head of Accounts | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|
| 53 | **3201001 Grants for Specific Purposes - Health Grant towards conversion of PHCs and Subcentres into Health and Wellness Centres** | 0 | **1500000** |
| 54 | **3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs** | 0 | **3000000** |
| 55 | **3201004 Central Finance Commission Grant - Tied** | 18935000 | **18935000** |
| 56 | **3201005 Central Finance Commission Grant - Untied** | 12623000 | **12623000** |
| 57 | **3201011 Prime Minister S Awas Yojana (PMAY) - General** | 6040000 | **5000000** |
| 58 | **3201020 Intergrated Child Development Service** | 4500000 | **5000000** |
| 59 | **3201023 Member Of Parliament Local And Development Scheme** | 1500000 | **1500000** |
| 60 | **3201026 Sarva Siksha Abhiyan** | 0 | **1500000** |
| 61 | **3201027 Swaccha Bharat Mission - Grameen** | 0 | **5000000** |
| 62 | **3201037 Amrut(Atal Mission For Rejuvanation Of Urban Transformation)** | 3930000 | **4000000** |
| 63 | **3201040 NULM** | 2400000 | **15000000** |
| 64 | **3202001 Development Fund - General** | 39164000 | **55078000** |
| 65 | **3202002 Development Fund - Special Component Plan** | 24633000 | **27811000** |
| 66 | **3202009 Maintenance Fund - Road Assets** | 40904000 | **40796000** |
| 67 | **3202010 Maintenance Fund - Non-Road Assets** | 17345000 | **16237000** |

| SN | Head of Accounts | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|
| 68 | 3202017 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development | 2500000 | **2500000** |
| 69 | 3202022 Ayyankali Urban Employment Guarantee Scheme | 7543652 | **60000000** |
| 70 | 3202027 Grants For Specific Purposes - Election | 1000000 | **800000** |
| 71 | 3202037 Other Revenue Grants | 1500000 | **1500000** |
| 72 | 3203001 Grant from Other Government Agencies | 0 | **10000000** |
| 73 | 3208010 Beneficiary Contribution | 2000000 | **2000000** |
| 74 | 3209006 Contribution to Joint Venture Projects from Others | 0 | **1500000** |
| | Total Grants, Contribution for Specific Purposes | 186517652 | **291280000** |
| | **Secured Loans - 330** | | |
| 75 | 3305002 Loan from Financial Institutions | 96000000 | **96000000** |
| 76 | 3305003 Loan from K.U.R.D.F.C | 17500000 | **17500000** |
| | Total Secured Loans | 113500000 | **113500000** |
| | **Deposits Received - 340** | | |
| 77 | 3401001 Earnest Money Deposit | 100000 | **100000** |
| 78 | 3401002 Security Deposit | 100000 | **100000** |

| SN | Head of Accounts | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|
| 79 | **3402001 Rent Deposit** | 100000 | **500000** |
| 80 | **3402002 Auction Deposit** | 100000 | **100000** |
| 81 | **3408001 Deposit Received From Halls, Stadiums and Auditoriums** | 100000 | **100000** |
| | **Total Deposits Received** | 500000 | **900000** |
| | **Total Capital Receipt** | 300517652 | **405680000** |
| | **Revenue Expenditure - 3** | | |
| | **Establishment Expenses - 210** | | |
| 82 | **2101001 Salaries -Secretary** | 1500000 | **2000000** |
| 83 | **2101003 Salaries - Permanent Staff** | 22000000 | **30000000** |
| 84 | **2101101 Wages** | 4500000 | **5000000** |
| 85 | **2101201 Bonus** | 85000 | **100000** |
| 86 | **2101401 Honourarium** | 200000 | **400000** |
| 87 | **2102001 Travelling Allowances - Secretary** | 40000 | **50000** |
| 88 | **2102003 Travelling Allowances - Permanent Staff** | 200000 | **300000** |
| 89 | **2102006 Other allowances - Secretary** | 45000 | **50000** |

| SN | Head of Accounts | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|
| 90 | 2102008 Other allowances - Permanent Staff | 50000 | 100000 |
| 91 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | 6000000 | 8000000 |
| 92 | 2102016 Other Benefits and Allowances | 160000 | 100000 |
| 93 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | 50000 | 500000 |
| 94 | 2103001 Employer's Contribution to Pension Fund - Regular Employees | 1000000 | 1500000 |
| 95 | 2103007 Pension Contribution | 1800000 | 2500000 |
| 96 | 2103008 Pension - Regular Employees | 5300000 | 8000000 |
| 97 | 2104001 Terminal Leave Surrender | 3400000 | 4000000 |
| 98 | 2105099 Other Establishment Expenses | 100000 | 200000 |
| | Total Establishment Expenses | 46430000 | 62800000 |
| | Administrative Expenses - 220 | | |
| 99 | 2201001 Rent of Buildings | 305000 | 400000 |
| 100 | 2201101 Office Electricity Expenses | 425000 | 500000 |
| 101 | 2201102 Water Charges - Office | 100000 | 150000 |
| 102 | 2201104 Service Connection Charge (KSEB/ KWA) | 200000 | 250000 |

| SN | Head of Accounts | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|
| 103 | 2201199 Other Office Maintenance Expenses | 2000000 | 1000000 |
| 104 | 2201201 Telephone Expenses/ Internet Charges | 125000 | 200000 |
| 105 | 2201202 Postage Expenses | 55000 | 60000 |
| 106 | 2202001 Books & Periodicals | 300000 | 400000 |
| 107 | 2202101 Printing & Stationery | 1000000 | 1500000 |
| 108 | 2205101 Miscellaneous Legal Expenses | 250000 | 300000 |
| 109 | 2205201 Professional & Other Fees | 125000 | 150000 |
| 110 | 2206001 Newspaper Advertisement Charges | 800000 | 450000 |
| 111 | 2206101 Membership & Subscriptions | 300000 | 1000000 |
| 112 | 2208099 Miscellaneous Administration Expenses | 7000000 | 600000 |
| 113 | 2302001 Water Charges - Street Tap | 3200000 | 3300000 |
| | Total Administrative Expenses | 16185000 | 10260000 |
| | Operation and Maintenance - 230 | | |
| 114 | 2301001 Electricity Charges for Street Lights | 1500000 | 1700000 |
| 115 | 2301002 Fuel Charges | 700000 | 1200000 |

| SN | Head of Accounts | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|
| 116 | 2304001 Vehicle Hire Charges | 800000 | 800000 |
| 117 | 2305001 Repairs & Maintenance - Roads and Pavements | 1500000 | 2000000 |
| 118 | 2305003 Repairs & Maintenance - Water Supply | 100000 | 150000 |
| 119 | 2305301 Repairs & Maintenance - Vehicles | 700000 | 800000 |
| 120 | 2308003 Expenses for Burying Unclaimed Dead bodies | 5000 | 6000 |
| 121 | 2308005 Expenses relating to collection of Taxes | 300000 | 300000 |
| 122 | 2308201 Refreshment Charges | 500000 | 1000000 |
| | Total Operation and Maintenance | 6105000 | 7956000 |
| | **Programe Expenses - 250** | | |
| 123 | 2501001 Election Expenses | 1000000 | 500000 |
| 124 | 2502001 Expenditure on Poverty Eradication Program | 75300000 | 75000000 |
| | Total Programe Expenses | 76300000 | 75500000 |
| | **Expenses Related to Productive Sector - 251** | | |
| 159 | 2520802 Housing & House Electrification - | 10000000 | 10000000 |
| | Total Expenses Related to Service Sector | 133935878 | 10000000 |

| SN | Head of Accounts | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|
| 186 | 2540103 Financial help to widows towards marriage expenses of daughters | 200000 | 300000 |
| 187 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | 11234800 | 12500000 |
| 188 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | 32800200 | 37500000 |
| 189 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | 2462400 | 2600000 |
| 190 | 2540115 Programmes/ Expenditures of Transferred | 9630400 | 9630400 |
| | Functions/ Schemes - Pension for Differentially Abled | | |
| 191 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | 59868200 | 62000000 |
| 192 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | 5000000 | 24000000 |
| | Total Expenses related to State Sponsored Schemes | 126196000 | 148530400 |
| | Total Revenue Expenditure | 446525669 | 315046400 |
| | Capital Expenditure - 4 | | |
| | Refund of Deposits - 340 | | |
| 193 | 3401001 Earnest Money Deposit | 100000 | 100000 |
| 194 | 3401002 Security Deposit | 100000 | 100000 |
| 195 | 3402001 Rent Deposit | 500000 | 500000 |

| SN | Head of Accounts | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|
| 196 | 3402002 Auction Deposit | 100000 | 100000 |
| 197 | 3408001 Deposit Received From Halls, Stadiums and Auditoriums | 100000 | 100000 |
| | Total Refund of Deposits | 900000 | 900000 |
| | Payment of Recoveries - 350 | | |
| 198 | 3501104 Provident Fund Loan Payable | 10000000 | 10000000 |
| 199 | 3501116 Pension Contribution Payable | 2000000 | 2500000 |
| 200 | 3501301 Employers Liabilities - Pension Contribution (NPS) | 1000000 | 1600000 |
| 201 | 3504010 Refund Payable - Other Fees | 1500000 | 1500000 |
| | Total Payment of Recoveries | 5500000 | 15600000 |
| | Fixed Assets - 410 | | |
| 202 | 4103001 Concrete Roads | 16768028 | 2500000 |
| 203 | 4103002 Black Topped Roads | 31960913 | 1500000 |
| 204 | 4103102 Drainage | 4000000 | 4000000 |
| | Total Fixed Assets | 102561894 | 8000000 |

| SN | Head of Accounts | Budget for 2025-2026 | Budget for 2026-2027 |
|---|---|---|---|
| | Loans, Advances and Deposits - 460 | | |
| 205 | 4601001 Festival Advance to Employees | 500000 | 700000 |
| 206 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 500000 | 800000 |
| | Total Loans, Advances and Deposits | 1000000 | 1500000 |
| | Total Capital Expenditure | 110562162 | 26000000 |
| | Expenses Related to Productive Sector - 251 | | 112900000 |
| | Total Expenses Related to Service Sector | | 132400000 |
| | Expenses Related to Infrastructure Sector - 253 | | 123200000 |
| | Total Project Expenditure | | 394500000 |
| | Total Expenditure | 557056631 | 341046400 |
| | Grand Total Expenditure | | 735546400 |
| | Total Receipts | 528913908 | 672530430 |
| | OB + Grand Total Receipts | | 761132640 |
| | Balance | 88602210 | 25586240 |

153293000

5000000

158293000

116744933

528913908

645658841

88602210








MUKKAM MINI PARK